"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടൽ ദുരന്തം - ഒന്നാം ഘട്ടത്തിൽ പുനരധിവസിപ്പിക്കപ്പെടേണ്ടവരെ കണ്ടെത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ അംഗീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.866/2024/DMD തീയതി,തിരുവനന്തപുരം, 26-11-2024

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 11/11/2024 ലെ LR/9873/2024-LR(H2) നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ 30-07-2024 ന് ഉണ്ടായ ഉരുൾപൊട്ടലിൽ ദുരന്തബാധിതരായ കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതാണ്. ദുരന്തബാധിതരുടെ പുനരധിവാസം രണ്ട് ഘട്ടമായി നടത്തുന്നതാണ്. ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase-1) പുനരധിവസിപ്പിക്കുന്നതാണ്. വാടകയ്ക്ക് താമസിച്ചിരുന്ന ദുരന്തബാധിതരെയും പാടികളിൽ താമസിച്ചിരുന്ന ദുരന്ത ബാധിതരേയും അവർക്ക് മറ്റ് എവിടേയും വീട് ഇല്ല എങ്കിൽ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. അപകട മേഖലയിൽ വാസയോഗ്യമല്ലെന്ന് കണ്ടെത്തുന്ന ഇടങ്ങളിൽ താമസിക്കുന്നവരെ രണ്ടാം ഘട്ട (phase-2) ത്തിൽ പുനരധിവസിപ്പിക്കുന്നതാണ്.

ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് ചുവടെ പറയും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പുനരധിവാസത്തിന് അർഹരായ കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രധാനമായും ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിന്നും ലഭ്യമായ റേഷൻ കാർഡിലെ ജിയോ റഫറൻസ്ഡ് വിവരങ്ങളാണ് പ്രൈമറി ഡേറ്റയായി കണക്കിലെടുക്കേണ്ടത്. കൂടാതെ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഹരിത മിത്രം ആപ്ലിക്കേഷൻ മുഖേന ലഭ്യമായ ഉണഭോക്താക്കളുടെ ജിയോ റഫറൻസ്ഡ് വിവരങ്ങൾ, കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമായ ഉണഭോക്താക്കളുടെ ജിയോ റഫറൻസ്ഡ് വിവരങ്ങൾ, റാപ്പിഡ് വിഷൽ സ്ക്രീനിംഗ് വിവരങ്ങൾ, ദുരന്ത ബാധിതർക്കായി സർക്കാർ നൽകിയ വീട്ടു വാടക കൈപ്പറ്റിയവരുടെ വിവരങ്ങൾ, സർക്കാരിന്റെ ക്വാർട്ടേഴ്സിലേക്ക് താൽക്കാലികമായി മാറ്റി പാർപ്പിച്ച ദുരന്ത ബാധിതരുടെ വിവരങ്ങൾ, പാടികളിൽ താമസിക്കുന്നവരുടെ വിവരങ്ങൾ എന്നിങ്ങനെ ലഭ്യമായ വിവരങ്ങൾ കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി മേൽ പറഞ്ഞ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാ ഓഫീസർമാർ വയനാട് ജില്ലാ

കളക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

2. മേൽ പ്രക്രിയയിലൂടെ മാനന്തവാടി സബ് കളക്ടർ കരട് ലിസ്റ്റ് തയാറാക്കേണ്ടതാണ്. പഞ്ചായത്ത് അധികൃതർ ഫീൽഡ് പരിശോധനയിലൂടെയും പ്രാദേശികമായി കണ്ടെത്തിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റും നിലവിലുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഈ രണ്ട് ലിസ്റ്റുകളും മാനന്തവാടി സബ് കളക്ടർ അനുരഞ്ജനം ചെയ്യേണ്ടതും (ആവശ്യമെങ്കിൽ ഫീൽഡ് പരിശോധന നടത്തി), സബ് കളക്ടർ തയ്യാറാക്കിയ ലിസ്റ്റുമായി പരിശോധിക്കുമ്പോൾ ടി ലിസ്റ്റിൽ നിന്നും വ്യത്യസ്തമായി പഞ്ചായത്തിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടവരും ഒഴിവാക്കപ്പെട്ടവരും (Inclusion and Omission) ആയ കുടുംബങ്ങളുടെ കാര്യകാരണം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്. DDMA നിയോഗിച്ച ടെക്നിക്കൽ സപ്പോർട്ട് ടീം, ടി അനുരഞ്ജനം നടത്തുന്നതിനായി സബ് കളക്ടറെ സഹായിക്കേണ്ടതാണ്. ഇപ്രകാരം അനുരഞ്ജനം നടത്തിയ കരട് ലിസ്റ്റ് DDMA യുടെ അനുമതിയോടെ മാനന്തവാടി സബ് കളക്ടർ പ്രസിദ്ധീകരിക്കേണ്ടതാണ്. കരട് ലിസ്റ്റ് വയനാട് ജില്ലാ കളക്ടറേറ്റ്, മാനന്തവാടി ആർ.ഡി.ഓഫീസ്, വൈത്തിരി താലൂക്ക് ഓഫീസ്, വെള്ളരിമല വില്ലേജ് ഓഫീസ്, മേപ്പാടി പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും വെബ്സൈറ്റിലും പ്രദർശിപ്പിക്കേണ്ടതും, വിപുലമായ പ്രചാരണം നൽകേണ്ടതുമാണ്.

3. പ്രസിദ്ധീകരിച്ച കരടിലെ വിശദാംശങ്ങൾ പരിശോധിക്കുവാൻ വെള്ളരിമല വില്ലേജ്, മേപ്പാടി പഞ്ചായത്ത് ഓഫീസുകളിൽ ഹെൽപ്ഡെസ്ക് സജ്ജീകരിക്കേണ്ടതാണ്. കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം ആക്ഷേപങ്ങൾ സ്വീകരിക്കുവാൻ 15 പ്രവർത്തി ദിവസങ്ങൾ ഉണ്ടായിരിക്കുന്നതാണ്. കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങൾ താലൂക്ക് ഓഫീസിൽ സ്വീകരിക്കേണ്ടതാണ്. കൂടാതെ വെള്ളരിമല വില്ലേജിലും, മേപ്പാടി പഞ്ചായത്തിലും ആക്ഷേപങ്ങൾ സ്വീകരിക്കുവാൻ സൗകര്യം ക്രമീകരിക്കേണ്ടതാണ്. ഇതിന് പുറമേ സബ് കളക്ടറുടെ subcollectormndy@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും ആക്ഷേപങ്ങൾ അയക്കാം. എല്ലാ ആക്ഷേപങ്ങൾക്കും കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. അപ്രകാരം സ്വീകരിച്ച ആക്ഷേപങ്ങൾ യഥാസമയം മാനന്തവാടി സബ് കളക്ടർക്ക് എത്തിച്ചു നൽകേണ്ടതാണ്.

4. ഒന്നാം ഘട്ടത്തിൽ പുനരധിവസിപ്പിക്കുന്നതിലേക്ക് തയ്യാറാക്കി പ്രസിദ്ധീകരിച്ച കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങളിന്മേൽ സബ് കളക്ടർ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി സമയബന്ധിതമായി DDMA യ്ക്ക് സമർപ്പിക്കേണ്ടതും, DDMA ആക്ഷേപം ഉന്നയിച്ചവരെ നേരിൽ കേട്ട് ആക്ഷേപം തീർപ്പ് കൽപ്പിക്കേണ്ടതുമാണ്. ആക്ഷേപങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അന്തിമ ലിസ്റ്റ് പ്രസിദ്ധികരിക്കേണ്ടതാണ്. ടി ലിസ്റ്റ് വയനാട് കളക്ടറേറ്റ്, മാനന്തവാടി ആർ.ഡി.ഓഫീസ്, വൈത്തിരി താലൂക്ക് ഓഫീസ്, വെള്ളരിമല വില്ലേജ് ഓഫീസ്, മേപ്പാടി പഞ്ചായത്ത് എന്നിവിടങ്ങളിലും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും വെബ്സൈറ്റിലും പ്രദർശിപ്പിക്കേണ്ടതാണ്. ടി അന്തിമ ലിസ്റ്റിന്മേലുള്ള പരാതികളും ആക്ഷേപങ്ങളും ഉള്ള പക്ഷം ആയവ സർക്കാരിലെ ദുരന്തനിവാരണ വകുപ്പിൽ സമർപ്പിക്കാവുന്നതാണ്. മേൽ പരാമർശിച്ച ലിസ്റ്റുകൾ തയ്യാറാക്കുന്നതിനുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള സമയക്രമം

| | |
|---|---|
| ഒന്നാം ഘട്ടം (Phase-1) കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി | ഉത്തരവ് തീയതി മുതൽ 10 പ്രവർത്തി ദിവസങ്ങൾക്കകം |
| ആക്ഷേപങ്ങൾ സ്വീകരിക്കേണ്ട തീയതി | കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 15 പ്രവർത്തി ദിവസത്തിനുള്ളിൽ |
| അന്തിമ കരട് പ്രസിദ്ധീകരിക്കേണ്ട തീയതി | ആക്ഷേപങ്ങൾ ലഭിക്കേണ്ട അവസാന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശസ്വയം ഭരണ വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 26-11-2024 17:23:42**
സെക്ഷൻ ഓഫീസർ